# മീൻപിടുത്തത്തിന്റെ പ്രാദേശികമാതൃക

## കായംകുളംകായലിലെ പാച്ചിൽ ചങ്ങാടത്തെ മുൻനിർത്തിയുള്ള പഠനം

**അഭിജിത്ത് ബി.**
ഗവേഷകൻ, ചരിത്രവിഭാഗം
ശ്രീശങ്കരാചാര്യാ സംസ്കൃതസർവകലാശാല,
കാലടി

**പ്രബന്ധസംഗ്രഹം**

വിഭവങ്ങളെ അടിസ്ഥാനമാക്കി ജീവിക്കുന്ന ജനവിഭാഗങ്ങൾ അവയുടെ ശേഖരണത്തിനും ഉപയോഗത്തിനുമായി നിരവധി സാങ്കേതികവിദ്യകളും വിജ്ഞാനങ്ങളും ഉപയോഗിക്കുന്നുണ്ട്. മനുഷ്യരുടെ നിരന്തരമായ അനുഭവങ്ങളുടേയും സൂക്ഷ്മതലസ്പർശിയായ നിരീക്ഷണങ്ങളുടേയും ഫലമായാണ് ഇത്തരം സാങ്കേതികവിദ്യകളും വിജ്ഞാനങ്ങളും രൂപപ്പെടുന്നത്. ഇത്തരത്തിൽ നിരവധി സാങ്കേതികവിദ്യകളും വിജ്ഞാനങ്ങളും കൈമുതലായിട്ടുള്ളവരാണ് മത്സ്യബന്ധനസമൂഹങ്ങൾ. മീൻപിടിക്കുന്നതിനും അതിനെ ഉപയോഗപ്രദമാക്കുന്നതിനും അനവധി സങ്കേതങ്ങൾ ഈ സമൂഹങ്ങൾ രൂപപെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ ഘടനയ്ക്കും ജലാശയത്തിന്റെ സ്വഭാവത്തിനും മത്സ്യ ഇനങ്ങൾക്കും അനുസരിച്ച് മീൻപിടുത്തരീതികൾ വ്യത്യാസപ്പെട്ടിരിക്കുന്നു. അത്തരത്തിൽ കേരളത്തിലെ കായലുകളിൽ, പ്രധാനമായും കായംകുളംകായൽ കേന്ദ്രീകരിച്ച് സജീവമായിരുന്നതും ഇന്നു ചുരുങ്ങിയതോതിൽ ഉപയോഗിക്കുന്നതുമായ 'പാച്ചിൽ ചങ്ങാടം' അഥവാ 'ചങ്ങാടം പാച്ചിൽ' എന്ന മീൻപിടുത്തരീതിയേയും അതിന്റെ ചരിത്രത്തെയും ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വിശദികരിക്കാനാണ് പ്രബന്ധം ശ്രമിക്കുന്നത്.

**സൂത്രവാക്കുകൾ**


പാച്ചിൽ ചങ്ങാടം, മത്സ്യബന്ധനസമൂഹം, സാങ്കേതികവിദ്യ

**ആമുഖം**

കേരളത്തെ പൊതുവേ മലനാട്, ഇടനാട്, തീരപ്രദേശം എന്നാണ് ഭൂമിശാസ്ത്രപരമായി വിഭജിച്ചിരിക്കുന്നത്. അറബിക്കടലിനും കായലുകൾക്കും ഇടയിലായി രൂപപ്പെട്ടിരിക്കുന്ന ഇടുങ്ങിയ ഭൂഭാഗമാണ് കേരളത്തിലെ ഒട്ടുമിക്ക തീരപ്രദേശങ്ങളും. കൂടാതെ, ജനനിബിഡതയും 'പൊതുധാര'യിൽ നിന്നുള്ള അരികുവത്കരണവും ഈ ഭൂഭാഗത്തെയും അവിടുത്തെ ജനജീവിതത്തെയും കുറിച്ചുള്ള പഠനങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. തീരപ്രദേശങ്ങളിലെ ജനജീവിതവും സംസ്കാരവും രൂപപ്പെട്ടിരിക്കുന്നത് കടലും കായലും ചേർന്ന ഭൂപ്രകൃതിയും അവയിൽ നിന്നുള്ള വിഭവങ്ങളെ ഉപയോഗപെടുത്തിയുമാണ്. അതുകൊണ്ടു തന്നെ ഈ പ്രദേശങ്ങളിയിലെ ജനങ്ങളുടെ മുഖ്യതൊഴിലുകൾ മീൻപിടുത്തം, കക്ക വാരൽ, കയർ നിർമ്മാണം, വള്ളം തുഴയൽ എന്നിവയാണ്. മീൻപിടുത്തം തീരപ്രദേശങ്ങളിൽ ജീവിക്കുന്ന ഭൂരിഭാഗം മനുഷ്യരുടേയും ഉപജീവനമാകുമ്പോൾ തന്നെ ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസൃതമായി മീൻപിടുത്തരീതികൾ വ്യത്യാസപ്പെട്ടിരിക്കുന്നു. ഓരോ പ്രദേശത്തെയും മീൻപിടുത്തരീതികൾ രൂപപ്പെടുത്തുന്നതിൽ ജലാശയത്തിന്റെ സ്വഭാവം, കാലാവസ്ഥ, മീൻ ഇനങ്ങളുടെ ലഭ്യത മുതലായവ പങ്കുവഹിക്കുന്നതായി കാണാം. അത്തരത്തിൽ കേരളത്തിലെ കൊല്ലം-ആലപ്പുഴ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കായംകുളംകായലിൽ നിലനിന്നിരുന്നതും ഇപ്പോൾ നാമമാത്രമായി ഉപയോഗിക്കുന്നതുമായ 'പാച്ചിൽ ചങ്ങാടം' എന്ന മീൻപിടുത്തരീതിയും അതിന്റെ സാങ്കേതിക വിദ്യ, ഉടമസ്ഥാവകാശം, നിയമങ്ങൾ മുതലായവയും അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

തെക്കൻ കേരളത്തിലെ പ്രധാനപ്പെട്ട ഒരു ഉൾനാടൻ ജലാശയവും മീൻപിടുത്തകേന്ദ്രവുമാണ് കായംകുളംകായൽ. തെക്ക് പന്മന മുതൽ വടക്ക് തൃക്കുന്നപ്പുഴ വരെ നീണ്ടു കിടക്കുന്ന ജലാശയത്തിന്റെ കിഴക്കോട്ടുള്ള ശാഖ അതിനെ കായംകുളം പട്ടണവുമായി ബന്ധിപ്പിക്കുന്നു. കായലിന്റെ ഇരുകരകളിലുമായി ആയിരംതെങ്ങ്, അഴീക്കൽ, വലിയഴീക്കൽ, പെരുമ്പള്ളി, വട്ടച്ചാൽ, കള്ളിക്കാട്, ആറാട്ടുപുഴ, മംഗലം, ചൂളത്തെരുവ്, കനകക്കുന്ന്,

കണ്ടല്ലൂർ, പുതുപ്പള്ളി, ക്ലാപ്പന മുതലായ ഗ്രാമങ്ങൾ സ്ഥിതി ചെയ്യുന്നു. മീൻപിടുത്തവും കയർ നിർമാണവുമായിരുന്നു ഇവിടങ്ങളിലെ ജനങ്ങളുടെ പ്രധാന തൊഴിലുകൾ. ചീനവല, ഊന്നിവല, കോരുവല, വീശുവല, പാച്ചിൽ ചങ്ങാടം എന്നിവയായിരുന്നു പ്രധാന മീൻപിടുത്തരീതികൾ. ഈ രീതികളൊക്കെ പ്രയോജനപ്പെടുത്തിയിരുന്നത് കായലിലെ പ്രത്യേക ഭാഗങ്ങളുടെയും സമയങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു. അതിൽ തന്നെ, പാച്ചിൽ ചങ്ങാടം എന്ന രീതിയെ പ്രത്യേകമായി പഠിക്കാനാണ് ഇവിടെ ശ്രമിച്ചിരിക്കുന്നത്.




ഭൂപടം: കായംകുളം കായൽ
(ഭൂപടം തയ്യാറാക്കി നൽകിയത് കാലടി സംസ്കൃതസർവകലാശാലയിലെ ഭൂമിശാസ്ത്രവിഭാഗം വിദ്യാർത്ഥിയായിരുന്ന ആവണി പി. വാസ് ആണ്).

ലഭ്യമായ പുരാരേഖകളും (Archival Document) കായംകുളം കായലിന്റെ ഇരുകരകളിയിലുമായി ജീവിക്കുന്ന മത്സ്യത്തൊ

ഴിലാളികളുടെയും അവരുടെ പിൻതലമുറയുടെയും ഓർമകളും അനുഭവങ്ങളുമാണ് പഠനത്തിന് ഉപയോഗിച്ചിരിക്കുന്ന പ്രധാന ഉപാദാനങ്ങൾ. മത്സ്യത്തൊഴിലാളികളിൽ പാച്ചിൽ ചങ്ങാടം ഉപയോഗിച്ചിരുന്നവരെയും മറ്റ് രീതികൾ പിന്തുടരുന്നവരേയും അഭിമുഖം നടത്തി ദത്തങ്ങൾ ശേഖരിച്ചിട്ടുണ്ട്. ആവേദകരുടെ ഓർമകളും അനുഭവങ്ങളും പഠനത്തിന്റെ ഭാഗമാകുമ്പോൾ കൂടി, അത് അതേപടി പകർത്താനല്ല ഇവിടെ ശ്രമിച്ചിട്ടുള്ളത്. ആവേദകരുടെ ഓർമകളെ ലഭ്യമായ രേഖകളുമായി ഒത്തുനോക്കി പാച്ചിൽ ചങ്ങാടവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന തൊഴിലാളി-ഉടമ ബന്ധവും അതിൽ വന്നിട്ടുള്ള മാറ്റവും മത്സ്യത്തിന്റെ വിപണനരീതിയും തൊഴിൽ സംഘർഷങ്ങളും യൂണിയനുകളുടെ രൂപീകരണവും കണ്ടെത്തുവാനാണ് ശ്രമിച്ചിട്ടുള്ളത്.

**പാച്ചിൽ ചങ്ങാടം: പ്രാദേശികജീവിതബോധവും സാങ്കേതികവിദ്യയും**

'പാച്ചിൽ ചങ്ങാടം' എന്ന മീൻപിടുത്തരീതിയുടെ ആവിർഭാവത്തെക്കുറിച്ചോ ഉത്ഭവകാലഘട്ടത്തെക്കുറിച്ചോ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതികളിലെ ട്രാവൻകൂർ സ്റ്റേറ്റിന്റെ റെക്കോർഡുകളിലാണ് പാച്ചിൽ ചങ്ങാടത്തെക്കുറിച്ചുള്ള വിവരങ്ങൾ കാണുന്നത്. 1937ൽ പ്രസിദ്ധീകരിച്ച 'The Prawn Industry of Malabar Coast' എന്ന ലേഖനത്തിലും 1953ൽ പ്രസിദ്ധീകരിച്ച കെ. ഗോപിനാഥിന്റെ 'Some Interesting Methods of Fishing in the Backwaters of Travancore' എന്ന ലേഖനത്തിലും പാച്ചിൽ ചങ്ങാടം എന്ന മീൻപിടുത്തരീതി വിശദീകരിക്കുന്നുണ്ട്.[1] വേമ്പനാട്, കായംകുളംകായലുകളിലെ ആഴം കുറഞ്ഞ ഭാഗങ്ങളിൽ ഉപയോഗിക്കുന്ന ഒരു മീൻപിടുത്ത രീതിയായാണ് ഗോപിനാഥ് തന്റെ ലേഖനത്തിൽ ഇതിനെ അവതരിപ്പിക്കുന്നത് (1953, 469-470). എന്നാൽ, അത്ര വിപുലമല്ലെങ്കിലും അഷ്ടമുടിക്കായലിലും ഈ രീതി നിലനിന്നുരുന്നതായി തിരുവിതാംകൂർ സർക്കാർ രേഖകളിൽ കാണാൻ സാധിക്കും (Travancore Government Gazette, 27 August 1929, p.4).

16 മുതൽ 18 കോൽ വരെ നീളമുള്ളതും ഒരു മീറ്ററിൽ താഴേ വീതിയുള്ളതുമായ രണ്ടു വള്ളങ്ങളും മൂന്നര മാറ്/ പത്തു മീറ്റർ ചങ്ങ

ലയുമാണ് ഈ മീൻപിടുത്തരീതിയുടെ പ്രധാന ഉപകരണങ്ങൾ. രണ്ടു വള്ളങ്ങൾ അഭിമുഖമായി വരത്തക്കവിധം ചരിച്ചു നിർത്തി തടിപ്പലകകളോ തടിക്കഷ്ണങ്ങളോ കൊണ്ടു ബന്ധിപ്പിക്കുന്നു. അണിയങ്ങൾ നീളം കൂടിയ തടിക്കഷ്ണങ്ങൾ ഉപയോഗിച്ചും അമരങ്ങൾ നീളം കുറഞ്ഞവ ഉപയോഗിച്ചുമാണ് ബന്ധിപ്പിക്കുന്നത്, അതിനാൽ അണിയത്തുനിന്നും അമരത്തേക്ക് പോകുംതോറും വള്ളങ്ങൾ തമ്മിലുള്ള അകലം കുറഞ്ഞുവരുന്നു. അമരങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നത് ഒരാൾക്ക് നിന്ന് തുഴയാൻ പാകത്തിൽ വീതിയുള്ള തടിക്കഷ്ണങ്ങൾ ഉപയോഗിച്ചാണ്. അണിയങ്ങൾ ബന്ധിപ്പിക്കുന്ന ഭാഗത്തുനിന്നും ഒരു ചങ്ങല, ജലാശയത്തിന്റെ അടിത്തട്ടിലെത്തും വിധം 'V' ആകൃതിയിൽ ഘടിപ്പിച്ചിട്ടുണ്ട്. വള്ളങ്ങൾ തുഴഞ്ഞു പോകുമ്പോൾ ചങ്ങല ജലാശയത്തിന്റെ അടിത്തട്ടിൽ തട്ടുകയും അടിത്തട്ടിനോടു ചേർന്നിരിക്കുന്ന മത്സ്യങ്ങൾ -പ്രധാനമായും ചെമ്മീൻ - ജലാശയത്തിനു മുകളിലേക്കു ചാടുകയും, ചാടുന്ന മത്സ്യങ്ങൾ ചരിച്ചു കെട്ടിയിരിക്കുന്ന വള്ളങ്ങളിൽ വീഴുകയും ചെയ്യുന്നു. വള്ളത്തിൽ തിക്കിനിറച്ചിരിക്കുന്ന ലാഞ്ഞിൽ/ കൊലഞ്ഞിൽ[2] കാരണം മത്സ്യങ്ങൾക്ക് തിരിച്ചു വെള്ളത്തിലേക്ക് പോകാൻ കഴിയാത്തവിധം കുടുങ്ങുകയും ചെയ്യുന്നു. ഇങ്ങനെ ലഭിക്കുന്ന മത്സ്യത്തെ കരയ്ക്കടുപ്പിച്ച ശേഷം ലാഞ്ഞിലുകൾ മാറ്റി ശേഖരിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നു. ഒറ്റയാളുടെ അധ്വാനത്തിൽ മുന്നോട്ട് പോകുന്ന രീതി രാത്രികാല മത്സ്യബന്ധനത്തിന് ഉദാഹരണമാണ്. പാച്ചിൽ ചങ്ങാടത്തിന്റെ അതേ തത്ത്വം ഉപയോഗിക്കുന്ന മലയാദ്വീപുകൾ, ബർമ്മ, കിഴക്കൻ ബംഗാൾ എന്നിവിടങ്ങളിലെ 'പ്രൗൺ സെറ്റ്'' (Prawn Seriat) എന്ന രീതിയെയും 'റൂയ കേറാഡ്'' (Rua Kread) എന്ന തായ്‌ലാൻഡ് രീതിയെയും പാച്ചിൽ ചങ്ങാടവുമായി ഗോപിനാഥ് തന്റെ ലേഖനത്തിൽ താരതമ്യം ചെയുന്നുണ്ട് (1953: 470). ഈ മീൻപിടുത്തരീതികൾ എല്ലാം പ്രയോജനപ്പെടുത്തിയിരിക്കുന്ന അറിവ് ഒന്നായിരിക്കുമ്പോഴും ഉപയോഗിക്കുന്ന സാമഗ്രികളിൽ പ്രാദേശികമായ വ്യത്യാസം ദൃശ്യമാണ്.

ഉൾനാടൻ മത്സ്യബന്ധനരീതിയായി പരിഗണിക്കുന്ന പാച്ചിൽ ചങ്ങാടം, കാലാവസ്ഥ, ജലാശയത്തിന്റെയും മത്സ്യത്തിന്റെയും സ്വഭാവം, ആവാസരീതി എന്നീ ഘടകങ്ങൾ ഉപ

യോഗപ്പെടുത്തുന്നുണ്ട്. അതുകൊണ്ടുതന്നെ, ഈ അറിവ് കൂടുതൽ പ്രാദേശികവുമാണെന്ന് കാണാം.

1. ജലാശയത്തിന്റെ സ്വഭാവം- മഴയോ കാറ്റോ ഇല്ലാത്ത ശാന്തമായ അവസ്ഥയിൽ, ആഴം കുറഞ്ഞഭാഗങ്ങളിൽ മാത്രം സാധ്യമാകുന്ന മീൻപിടുത്തരീതിയാണിത്. മഴയും കാറ്റുമുള്ള അവസ്ഥയിൽ പാച്ചിൽ ചങ്ങാടം തുഴയുന്നതും നിയന്ത്രിക്കുന്നതും ബുദ്ധിമുട്ടേറിയ കാര്യമാണ്. ആഴം കൂടുന്നതനുസരിച്ച് ചങ്ങല അടിത്തട്ടിൽ മുട്ടാതെ വരികയും മീൻ മുകളിലേക്കു ചാടാതെ വരികയും ചെയ്യുന്നു. ആയതിനാൽ ഉൾനാടൻ ജലാശയത്തിന്റെ ആഴം കുറഞ്ഞ ഭാഗങ്ങളിലോ, ആഴം കുറഞ്ഞ ഉൾനാടൻ ജലാശയങ്ങളിലോ മാത്രമാണ് ഈ രീതി സാധ്യമാകൂ. വേമ്പനാട്, അഷ്ടമുടിക്കായലുകളെ അപേക്ഷിച്ച് കായംകുളംകായലിന്റെ പല ഭാഗങ്ങൾക്കും ആഴം കുറവാണ്. അതിനൊപ്പം ആഴം കുറഞ്ഞതും വേലിയേറ്റത്തിന്റെ ഫലങ്ങൾ അധികം ബാധിക്കാത്തതുമായ കൈത്തോടുകളും ഇടക്കായലുകളും നിറഞ്ഞ ഭൂപ്രകൃതിയും കായംകുളംകായൽ കേന്ദ്രീകരിച്ച് ഈ മീൻപിടുത്തരീതി വ്യാപകമാകുന്നതിന് കാരണമായി.

2. പാച്ചിൽ ചങ്ങാടരീതിയിലൂടെ പിടിക്കുന്ന മത്സ്യവിഭാഗങ്ങളിൽ പ്രധാനം ചെമ്മീനാണ്. ജലാശയത്തിന്റെ അടിത്തട്ടിനോട് ചേർന്ന ഭാഗങ്ങളിലാണ് ചെമ്മീൻ വർഗ്ഗത്തിൽപ്പെട്ട മത്സ്യങ്ങൾ വസിക്കുന്നത്. ജലാശയത്തിന്റെ അടിത്തട്ടിൽ അവയ്ക്കു ശല്യം ഉണ്ടാകുമ്പോൾ അവ ജലാശയത്തിന് മുകളിലേക്ക് ചാടും എന്ന അറിവ് പ്രയോജനപ്പെടുത്തിയാണ് ഈ മീൻപിടുത്തരീതിയുടെ വികാസം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ചെമ്മീൻ തിരുവിതാംകൂറിൽ നിന്നുള്ള ഒരു പ്രധാന കയറ്റുമതി ഇനമായി മാറുന്നുണ്ട്. (ടി. കെ. വേലുപ്പിള്ള. 1996. പു.435) ബർമ്മ പോലുള്ള സ്ഥലങ്ങളിലേക്കുള്ള ചെമ്മീൻ പരിപ്പ്[3] കയറ്റുമതിയും ഇക്കാലത്തുണ്ടായി. ഭക്ഷ്യവിഭവം എന്ന നിലയിൽ ചെമ്മീൻ ഉപയോഗം പ്രാദേശികമായി വർദ്ധിച്ചതും ചെമ്മീൻ തൊണ്ട്/ തോട് (Prawn Skin) വളമായി ഉപയോഗിക്കാൻ തുടങ്ങിയതും അതിന് മുൻകാലങ്ങളിൽ ഉള്ളതിനേക്കാൾ ആവശ്യകത വർധിപ്പിച്ചു. ഇത്തരത്തിൽ ആവശ്യകത വർധിക്കുന്നതനുസരിച്ച് ചെമ്മീൻ ഉല്പാദനം വർധിപ്പിക്കേണ്ടി വരുന്നു.

അതിനെ തുടർന്ന കടലിൽ നിന്നും ഉൾനാടൻ ജലാശയങ്ങളിൽ നിന്നുമുള്ള ചെമ്മീൻ പിടുത്തം വർധിച്ചു. ചീനവല, ഊന്നിവല എന്നിവ ഉപയോഗിച്ചാണ് കായലുകളിൽനിന്നും ചെമ്മീൻ പിടിച്ചിരുന്നതെങ്കിൽ, കായംകുളം കായലിന്റെ പാരിസ്ഥിതികവും ഭൂമിശാസ്ത്രപരവുമായ പ്രത്യേക ചുറ്റുപാടിൽ പാച്ചിൽ ചങ്ങാടം പ്രധാന മീൻപിടുത്ത രീതിയായി മാറി. ഊന്നിവല, ചീനവല എന്നിവ കായംകുളം കായലിന്റെ അഴിമുഖത്തു മാത്രം കേന്ദ്രീകരിച്ചപ്പോൾ കായലിന്റെ ആഴം കുറഞ്ഞ ഭാഗത്തേയും കൈത്തോടുകളെയും ഇടക്കായലുകളെയും ഉപയോഗപ്പെടുത്തി പാച്ചിൽ ചങ്ങാടം പ്രധാന മീൻപിടുത്തരീതിയായി മാറി.

3. ജലത്തിന്റെ അടിത്തട്ടിലുണ്ടാകുന്ന അനക്കം മീനിനെ ജലത്തിന് മുകൾത്തട്ടിലെത്തിക്കുമെന്നും, ഇത്തരത്തിൽ മുകളിലേക്ക് ചാടുന്ന ചെമ്മീനെ കൃത്യമായി പിടിച്ചെടുത്ത് അവ തിരിച്ചു ജലാശയത്തിലേക്ക് ചാടുന്നത് തടയാൻ കുടുക്കി ഇടാവുന്ന സംവിധാനം വള്ളത്തിൽ വേണമെന്നുമുള്ള അറിവുകൾ പ്രധാനമാകുന്നു. അവിടെയാണ് ലാഞ്ഞിൽ ഉപയോഗത്തിന്റെ പ്രസക്തി. കായംകുളം കായലിന്റെ പരിസരപ്രദേശങ്ങളെ സംബന്ധിച്ച് ലാഞ്ഞിൽ വളരെ എളുപ്പത്തിൽ ലഭിക്കുന്നതും സുലഭവും ആയ സാമഗ്രിയാണ്. കുടുക്ക് (Trap) ആയാണ് ഉണങ്ങിയ ലാഞ്ഞിൽ ഉപയോഗിക്കുന്നത്. ലാഞ്ഞിൽ ഉണങ്ങുമ്പോൾ കമ്പുകൾ (ശാഖ) അടുത്തുവരികയും വലിപ്പം കുറയുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ തിക്കിയടുക്കി വെച്ചിരിക്കുന്ന ലാഞ്ഞിലുകളെ കടന്ന് വെള്ളത്തിലേക്ക് ചാടാൻ മീനുകൾക്ക് കഴിയാതെ വരുന്നു. അനുഭവവേദ്യവും സൂക്ഷ്മതലസ്പർശിയുമായ നാട്ടറിവിന്റെ പ്രയോഗം ഇവിടെ കാണാം.

ഇങ്ങനെ മനുഷ്യന്റെ ചുറ്റുപാടുകൾക്കനുസരിച്ച് ലഭ്യമായ വിഭവങ്ങളിലൂടെ അതിജീവനത്തിനുള്ള വഴി തേടുന്നതിനുള്ള മികച്ച ഉദാഹരണമാണ് ഈ രീതിയിലുള്ള മത്സ്യബന്ധനം. മലയായിലും തായ്‌ലാന്റിലും ബർമയിലും കിഴക്കൻ ബംഗാളിലും നിലവിലുള്ള മീൻപിടുത്തരീതികളിലും ഇതേ അറിവുകൾ തന്നെയാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നതെന്നു കാണാം. അവിടങ്ങളിൽ മുളയും വലയും പ്രധാന ഉപകരണങ്ങൾ ആകുമ്പോൾ തിരുവിതാംകൂറിൽ/ കേരളത്തിൽ ചങ്ങലയും തെങ്ങി

ന്റെ ലാഞ്ചിലും ഉപകരണങ്ങളാകുന്നു. തങ്ങളുടെ അറിവിനെ പ്രയോഗരൂപത്തിലേക്കു വരുത്തുമ്പോൾ പ്രാദേശികമായി ലഭിക്കുന്ന സാമഗ്രികളുടെ ഉപയോഗമാണ്, തത്വങ്ങൾ ഒന്നായിരിക്കുമ്പോഴും ഈ രീതികളെ വ്യത്യസ്തമാക്കുന്നത്.



2. Two boats tied together to support the net between them.

(പാച്ചിൽ ചങ്ങാടം Panikkar, N. K. 1937. The Prawn Industry of the Malabar Coast. Journal of Bombay Natural History Society 39. Plate II)

വേമ്പനാട്, അഷ്ടമുടിക്കായലുകളെ അപേക്ഷിച്ച് ഈ രീതി വ്യാപകമായി പ്രചാരത്തിലുണ്ടായിരുന്നത് കായംകുളംകായലിലായിരുന്നു. മറ്റു കായലുകളുമായി താരതമ്യം ചെയ്യുമ്പോൾ കായംകുളംകായലിന് ആഴം കുറവായതായിരിക്കാം ഇതിന് കാരണം. കായംകുളം പൊഴിയിൽനിന്നും കടൽജലം കയറുന്ന അവസ്ഥ, ആഴക്കുറവ്, വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും ഫലങ്ങൾ അധികമായി ബാധിക്കാത്ത ഉൾക്കായലുകളുടേയും കൈത്തോടുകളുടേയും സാമീപ്യം എന്നിവ ചെമ്മീനിന്റെ പ്രജനനത്തിനും അതുവഴി 'പാച്ചിൽ ചങ്ങാടം' എന്ന മീൻപിടുത്തരീതിയുടെ പ്രചാരത്തിനും കാരണമായി എന്ന് വേണം കരുതാൻ. ആയിരംതെങ്ങു മുതൽ ആറാട്ടുപുഴമംഗലം വരെ കായംകുളംകായലിന്റെ ഇരുകരകളിലുമായി ഏതാണ്ട് ആയിരത്തോളം പാച്ചിൽ ചങ്ങാടങ്ങൾ/ ജോടി വള്ളങ്ങൾ ഉണ്ടായിരുന്നതായി ആവേദകർ പറയുന്നു. (ആവേ: ധർമ്മജൻ, ലക്ഷ്മണൻ)

കായലിന്റെ കിഴക്കേ കരയിൽ താമസിച്ചിരുന്ന ഈഴവ വിഭാഗത്തിൽ നിന്നുള്ളവരായിരുന്നു പ്രധാനമായും ഇത് ചെയ്തിരുന്നത്. അരയ - ക്രിസ്ത്യൻ വിഭാഗത്തിൽ ഉള്ളവരും ഇതിൽ ഏർപ്പെട്ടിരുന്നു. രണ്ട് വള്ളങ്ങൾ ഉള്ളതിനാൽ ജോടി വള്ളങ്ങൾ എന്നാണ് പറയുക. പണിക്കു പോകുന്നതിനെ 'ജോടി വള്ളം ചാടിക്കാൻ പോകുന്നു' എന്നും പറയുന്നു (ആവേ: സുനിൽദത്ത്).

മറ്റു വള്ളങ്ങളെ അപേക്ഷിച്ച് 'ഏരാവ്'[4] കുറവുള്ള രണ്ട് വള്ളങ്ങൾ അഭിമുഖമായി വരത്തക്കവിധം ചെരിച്ചു കെട്ടിയാണ് പാച്ചിൽ ചങ്ങാടം ഒരുക്കുന്നത്. ചരിക്കുന്നത് എളുപ്പമാകുന്നതിന് വേണ്ടിയാണ് ഏരാവ് കുറച്ചു നിർമ്മിച്ചിരിക്കുന്നത്. സന്ധ്യയോടുകൂടി വള്ളങ്ങൾ കൂട്ടിക്കെട്ടി, അമരത്തു വള്ളങ്ങൾ കൂട്ടിക്കെട്ടിയ പടിയിൽനിന്ന് തുഴഞ്ഞു പോകുന്നതായിരുന്നു രീതി. ഇങ്ങനെ തുഴഞ്ഞു പോകുമ്പോൾ അണിയത്തു ബന്ധിപ്പിച്ചിരിക്കുന്ന ചങ്ങല കായലിന്റെ അടിത്തട്ടിൽ മുട്ടുകയും അടിത്തട്ടിനോടു ചേർന്ന് പതിയിരിക്കുന്ന ചെമ്മീൻ മുകളിലേക്കു ചാടുകയും ചരിച്ചു കെട്ടിയിരിക്കുന്ന വള്ളത്തിൽ വീഴുകയും ചെയുന്നു, ഈ വള്ളങ്ങളിൽ തിക്കി നിറച്ചിരിക്കുന്ന ലാഞ്ഞിൽ കാരണം അവയ്ക്കു പുറത്തേക്കു ചാടാൻ കഴിയാതെയും വരുന്നു. സന്ധ്യമുതൽ നേരം പുലരുന്നതു വരെ ഇങ്ങനെ മീൻ പിടിക്കുന്നു. ഇങ്ങനെ പിടിക്കുന്ന മത്സ്യത്തെ കരയ്ക്കെത്തിച്ചു വിപണനം ചെയ്യുന്നു. ഒരാൾക്കു മാത്രം തൊഴിൽ എടുക്കാവുന്നതും പൂർണമായും മനുഷ്യാധ്വാനത്തിൽ പ്രവർത്തിക്കുന്നതുമായ ഈ രീതിയുടെ മറ്റൊരു പ്രത്യേകത, കുറഞ്ഞ അറ്റകുറ്റപ്പണിയാണ്. ആദ്യ മുതൽ മുടക്കിനു ശേഷം പിന്നീടു വരുന്ന ചെലവ് ഉപയോഗശൂന്യമായ ചങ്ങലകൾ മാറ്റുന്നതു മാത്രമാണ്.

**മത്സ്യബന്ധനനിയമങ്ങളും പാച്ചിൽ ചങ്ങാടവും**

1916 ലാണ് തിരുവിതാംകൂറിൽ ഒരു മത്സ്യബന്ധന നിയമം ഉണ്ടാകുന്നത്. അതിനു മുമ്പുതന്നെ കൃഷിവകുപ്പിന്റെ ഭാഗമായി ഒരു ഫിഷറീസ് ബ്രാഞ്ച് രൂപീകരിക്കുന്നുണ്ട്. മത്സ്യവ്യവസായത്തേയും ഉൾനാടൻ മത്സ്യബന്ധനത്തേയും നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി രണ്ടു ഫിഷറീസ് ഇൻസ്പെക്ടർമാരേയും അനുബന്ധ ഉദ്യോഗസ്ഥരേയും നിയമിക്കുന്നു. അതിന്റെ

തുടർച്ചയായാണ് തിരുവിതാംകൂറിലെ മത്സ്യബന്ധനനിയമങ്ങൾ പ്രാബല്യത്തിൽ വരുന്നത്. ഈ നിയമങ്ങൾ പ്രധാനമായും ഊന്നിയത് ഉൾനാടൻ ജലാശയങ്ങളിലെ - പ്രത്യേകിച്ച് വേമ്പനാട്, അഷ്ടമുടി, കായംകുളം എന്നീ വലിയ കായലുകളിലെ-മത്സ്യബന്ധനം നിയന്ത്രിക്കുന്നതിലാണ്. ഈ നിയമത്തിന്റെ ഭാഗമായി മീൻപിടുത്ത ഉപകരണങ്ങളെ ഫിക്സഡ് ഗിയേഴ്സ് (Fixed Gears), മൂവിങ് ഇംപ്ലിമെന്റ്സ് (Moving Implements) എന്ന് തരംതിരിക്കുകയും അവയ്ക്ക് ലൈസൻസും രജിസ്ട്രേഷനും ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതേ തുടർന്ന് പാച്ചിൽ ചങ്ങാടത്തെ മൂവിങ് ഇംപ്ലിമെന്റ് എന്ന ഗണത്തിൽപ്പെടുത്തി ലൈസൻസും രജിസ്ട്രേഷൻ ഫീസും ഏർപ്പെടുത്തുന്നു.

തിരുവിതാംകൂറിലെ മത്സ്യബന്ധനനിയമങ്ങളുടെ ഫലമായി ഓരോ മീൻപിടുത്തരീതിക്കും ലൈസൻസും ഫീസും ഏർപ്പെടുത്തുകയും സർക്കാർ അനുവാദമില്ലാതെയുള്ള മത്സ്യബന്ധനം കുറ്റകരമായ പ്രവൃത്തിയായി മാറുകയും ചെയ്യുന്നു. പാച്ചിൽ ചങ്ങാടത്തെ സി ക്ലാസിൽ ഉൾപ്പെടുത്തി ലൈസെൻസ് വേണ്ട മത്സ്യബന്ധനരീതിയാക്കി നിശ്ചയിച്ചു. 1923ൽ നിലവിലെ നിയമങ്ങൾക്കു ഭേദഗതി വരുന്നുണ്ട്. അതിന്റെ ഭാഗമായി പാച്ചിൽ ചങ്ങാടത്തിന്റെ ലൈസൻസ് ഫീസ് 15 രൂപയായി ഉയർത്തപ്പെട്ടു (ഫയൽ നം. 1551/ 31. പു. 41). ഈ കാലയളവിൽ പാച്ചിൽ ചങ്ങാടങ്ങളുടെ എണ്ണം കായംകുളംകായലിൽ വർദ്ധിച്ചു വരുന്നതായി കാണാം.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി തിരുവിതാകൂറിൽ കയർ, വെളിച്ചെണ്ണ, കൊപ്ര, കൃഷി മുതലായവയിൽ മുതൽമുടക്കാൻ പാകത്തിൽ ഒരു മുതലാളിവർഗം ഉദയം ചെയ്തുവരുന്നുണ്ട്. കായംകുളംകായലിന്റെ കരപ്രദേശങ്ങളിലും ഈ വർഗത്തിന്റെ സാന്നിധ്യം കാണാൻ കഴിയും. ചെമ്മീൻ ഒരു പ്രധാന കയറ്റുമതി ഉല്പന്നമായി മാറിയതോടെ പാച്ചിൽ ചങ്ങാടം എന്ന മീൻപിടുത്തരീതിയിലേക്ക് മുതൽമുടക്കുന്നതിന് ഈ മുതലാളിമാർ തയ്യാറായി. ഒരു തൊഴിലാളിക്ക് താങ്ങാൻ കഴിയുന്നതിലും ഉയർന്നതായിരുന്നു പാച്ചിൽ ചങ്ങാടത്തിന്റെ മുതൽമുടക്കെന്നതിനാൽ, മുന്നേ സൂചിപ്പിച്ച, കൃഷി, കയർ, കൊപ്ര മുതലായ വ്യവസായങ്ങളിൽ വ്യാപൃതരായിരുന്ന സമ്പന്നവർഗത്തിന്റെ കൈവശമായി

രുന്നു അവയുടെ ഉടമസ്ഥാവകാശം. വർഷാവർഷം സർക്കാരിൽ നിന്നു ലൈസൻസ് എടുക്കുന്നതും ഈ ഉടമസ്ഥരുടെ പേരിൽ തന്നെയായിരുന്നു. ഒന്നിൽ കൂടുതൽ ചങ്ങാടങ്ങൾ സ്വന്തമായുള്ള ഈ ഉടമകൾ, ചങ്ങാടങ്ങൾ തൊഴിലാളികൾക്കു വാടകയ്ക്കു നൽകുന്നതായിരുന്നു സമ്പ്രദായം. 1929ൽ ഓച്ചിറയിൽ കൂടിയ കൃഷിക്കാരുടെ സമ്മേളനം സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പ്രമേയത്തിലൂടെ അഞ്ച് ആവശ്യങ്ങൾ തിരുവിതാംകൂർ സർക്കാരിനു മുമ്പിൽ വയ്ക്കുന്നുണ്ട്. അതിലൊന്ന് പാച്ചിൽ ചങ്ങാടത്തിന്റെ ലൈസെൻസ് ഫീസ് 15 രൂപയിൽ നിന്നും ഏഴര രൂപയായി കുറയ്ക്കണം എന്നുള്ളതാണ് (ഫയൽ നം. – 1551/ 31. പു. 6). ഇതിനൊപ്പം പുതുപ്പള്ളി പ്രവൃത്തിയിലെ, പുതുപ്പള്ളി തെക്കുംമുറിയിലെ പാച്ചിൽ ചങ്ങാടത്തിന്റെ ഉടമസ്ഥർ ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് സർക്കാരിന് അപേക്ഷ അയക്കുന്നുണ്ട്. സാമ്പത്തികമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ചെമ്മീൻ പരിപ്പിന്റെ വില മൂന്നിലൊന്നായി കുറഞ്ഞതും കായലിൽ ചെമ്മീൻ പിടിക്കുന്നവരുടെ എണ്ണം കൂടിയതും കായംകുളംകായലിന്റെ മൈനർ ഭാഗങ്ങൾ[5] സ്വകാര്യവ്യക്തികൾക്കു മത്സ്യം പിടിക്കുന്നതിനായി ലേലം ചെയ്തു നൽകിയതു മൂലം ഈ വ്യവസായത്തിൽ വലിയ നഷ്ടം നേരിടാനിടയായി. ആയതിനാൽ നടപ്പുവർഷം ലൈസൻസ് ഫീസ് മുഴുവൻ ഒഴിവാക്കിത്തരണമെന്നും അടുത്ത വർഷം മുതൽ ഫീസ് പകുതിയായി കുറയ്ക്കണമെന്നും അപേക്ഷയിൽ ആവശ്യപ്പെടുന്നു. കാറ്റുള്ളപ്പോൾ മൈനർ ഭാഗങ്ങളിൽ മാത്രമേ പാച്ചിൽ ചങ്ങാടം ഉപയോഗിക്കാൻ കഴിയൂ; അതിനാൽ കായലിന്റെ ഭാഗങ്ങൾ പ്രത്യേകം ലേലം ചെയ്യുന്നതു നിർത്തണമെന്നും അവർ ആവശ്യപ്പെടുന്നുണ്ട് (ഫയൽ നം. – 1551/ 31. പു. 31). അതിനെ തുടർന്ന് പാച്ചിൽ ചങ്ങാടത്തിന്റെ ലൈസൻസ് ഫീസ് 15 രൂപയിൽ നിന്ന് ഏഴര രൂപയായി കുറച്ചുകൊണ്ട് സർക്കാർ തീരുമാനം വരുന്നുണ്ട് (ഫയൽ നം. – 1551/ 31. പു.64).

വേമ്പനാട്, അഷ്ടമുടി മുതലായ ഇടങ്ങളിലും പാച്ചിൽ ചങ്ങാടം ഉപയോഗത്തിൽ ഉണ്ടായിരുന്നെങ്കിലും കായംകുളംകായലിലെ പോലെ ഒരു പ്രചാരം കാണാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ കായംകുളംകായലിലെ പാച്ചിൽ ചങ്ങാടത്തിന്റെ വ്യാപനവും അതിന്റെ ഉടമസ്ഥരായ സമ്പന്നവർഗ്ഗത്തിന്റെ

സംഘാടനവും അതുവഴി തിരുവിതാംകൂർ സർക്കാരിന്റെ നയങ്ങളിൽ സ്വാധിനം ചെലുത്താൻ കഴിയുന്ന ഒരു സമ്മർദ്ദശക്തിയായി അവർ മാറുന്നതും കാണാൻ സാധിക്കും. 1929 ലെ സാമ്പത്തികമാന്ദ്യത്തെത്തുടർന്ന് ചെമ്മീൻ കയറ്റുമതി കുറയുകയും വിലയിടിയുകയും ചെയ്ത പശ്ചാത്തലത്തിലാണ് കായംകുളംകായലിന്റെ കരകളിലെ പാച്ചിൽ ചങ്ങാടത്തിന്റെ ഉടമസ്ഥർ സംഘടിക്കുകയും തങ്ങളുടെ ആവശ്യമായ ലൈസെൻസ് ഫീസിലെ ഇളവ് നേടിയെടുക്കുകയും ചെയ്യുന്നത്.

**ഉടമസ്ഥാവകാശവും തൊഴിൽബന്ധങ്ങളും**

ആദ്യകാലങ്ങളിൽ മുതലാളി-തൊഴിലാളി വ്യവസ്ഥയിലായിരുന്നു പാച്ചിൽ ചങ്ങാടങ്ങളുടെ പ്രവർത്തനം. മറ്റു മീൻപിടുത്ത രീതികളെ അപേക്ഷിച്ച് അറ്റകുറ്റപ്പണികൾ കുറവാണെങ്കിലും ആദ്യത്തെ മുതൽമുടക്ക് അവയെ അപേക്ഷിച്ച് കൂടുതലായിരുന്നതിനാൽ ഒരു സാധാരണ തൊഴിലാളിക്ക് ഇത് അപ്രാപ്യമായിരുന്നുവെന്ന് സൂചിപ്പിച്ചുവല്ലോ. അക്കാലത്തും സാമ്പത്തികമായി ഉയർന്ന ഒരു പ്രമാണി വിഭാഗത്തിന്റേതായിരുന്നു പാച്ചിൽ ചങ്ങാടങ്ങളുടെ ഉടമസ്ഥവകാശം. അഞ്ചു മുതൽ മുപ്പതു വരെ പാച്ചിൽ ചങ്ങാടം സ്വന്തമായിട്ടുള്ളവർ ഈ മേഖലയിലുണ്ടായിരുന്നു. ഇവരൊക്കെ തന്നെ കൃഷി, കയർ, കൊപ്ര, മത്സ്യം മുതലായ വ്യാപാരങ്ങളിൽ ഏർപ്പെട്ടവരും സാമ്പത്തികമായി അഭിവൃദ്ധി പ്രാപിച്ചവരുമായിരുന്നു (ആവേ: ധർമ്മജൻ).

ഇത്തരത്തിൽ മുതലാളിമാരുടെ ഉടമസ്ഥാവകാശത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട വള്ളങ്ങൾ തൊഴിലാളികൾക്കു വാടകയ്ക്കു നല്കുന്നതായിരുന്നു രീതി. പിടിക്കുന്ന മത്സ്യത്തിന്റെ വിലയുടെ നാലിൽ മൂന്നുഭാഗം തൊഴിലാളിക്കും ഒരുഭാഗം ഉടമയ്ക്കും എന്നതായിരുന്നു സമ്പ്രദായം. പാച്ചിൽ ചങ്ങാടത്തിന്റെ ഉടമ, മത്സ്യത്തിന്റെ വിപണനക്കാരനുമായിരുന്നു. ഒരു ദിവസം സന്ധ്യ മുതൽ പിറ്റേ ദിവസം പുലർച്ച വരെ പാച്ചിൽ ചങ്ങാടവുമായി കായലിൽ തുഴഞ്ഞുനടന്ന് അന്നത്തെ ചരക്കുമായി (Catch) കടവിൽ അടുക്കുന്ന തൊഴിലാളിയേയും നോക്കി ഉടമയോ ഉടമ ഏർപ്പെടുത്തിയ ആളുകളോ നിൽക്കുന്നുണ്ടായിരിക്കും. ഇത് ശേഖരിക്കുകയും അതിലെ ചെമ്മീനെ ഇനം തിരിച്ചു, തെള്ളി[6] ഒഴികെയുള്ളവയെ

പുഴുങ്ങി പരിപ്പ് എടുക്കുന്നതിനും തെള്ളിചെമ്മീനെ ഉണക്കി വിൽപന നടത്തുന്നതിനും മാറ്റുന്നു. പുഴുങ്ങി പരിപ്പ് ആക്കുന്ന ചെമ്മീൻ അത് കയറ്റുമതി ചെയ്യുന്ന കമ്പനികൾക്കു കച്ചവടം ചെയ്യുകയും ഉണക്കിയ ചെമ്മീൻ ആലുവ മുതലായ പ്രാദേശിക



പാച്ചിൽ ചങ്ങാടം ഇപ്പോൾ ഉപയോഗത്തിലുള്ളത്.

മാർക്കറ്റുകളിലേക്കെത്തിച്ചു വിൽക്കുകയും ചെയ്യുന്നു. നാലിൽ മൂന്ന് എന്ന നിലയിൽ വാക്കാൽ ഉറപ്പിച്ച കൂലി ഉണ്ടെങ്കിലും മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതും അതുവഴി തൊഴിലാളിയുടെ കൂലി നിശ്ചയിക്കുന്നതും ഉടമ തന്നെയാണ്. പലപ്പോഴും മത്സ്യത്തിന്റെ വില കുറച്ചു കാണിച്ചു കുറഞ്ഞ കൂലി നൽകുക, മഴ സമയങ്ങളിൽ ചെമ്മീൻ ഉണങ്ങിക്കിട്ടിയില്ലയെന്നു പറഞ്ഞു കൂലി നിഷേധിക്കുക മുതലായ ചൂഷണങ്ങളും ഈ സംരംഭത്തിന്റെ ഭാഗമായി ഉണ്ടായിരുന്നു. ഇതിന് ഒരു പ്രതിരോധം എന്ന നിലയിൽ തൊഴിലാളികൾ ആദ്യം ലഭിക്കുന്ന മത്സ്യത്തെ ഉടമസ്ഥർ അറിയാതെ മറിച്ചു വിൽക്കുന്ന ഏർപ്പാടുകളും കാണാം (ആവേ: ധർമ്മജൻ).

1970കളോടെ ഭൂപരിഷ്കരണം ഉൾപ്പെടെ കേരളത്തിന്റെ സാമൂഹ്യസ്ഥിതിയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ തൊഴിലാളികളുടെ സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തുന്നുണ്ട്. അതിനെത്തുടർന്നു തൊഴിലാളികൾ ചിലരെങ്കിലും സ്വന്തമായി പാച്ചിൽ ചങ്ങാടങ്ങൾ ഉള്ളവരായി മാറുന്നുണ്ട്. ഗതാഗത-സംഭരണ സംവിധാനങ്ങൾ പരിഷ്കരിക്കപ്പെട്ടതിന്റെ ഫലമായി ചെമ്മീൻ കയറ്റുമതി ചെയ്യുന്ന കമ്പനികൾ ഏജന്റുമാർ മുഖേന ചെമ്മീൻ കടവുകളിൽ

നിന്നു നേരിട്ടു വാങ്ങുവാൻ തുടങ്ങി. ഇതു കടവുകൾ കേന്ദ്രീകരിച്ചു ലേലം തുടങ്ങുന്നതിനും ഉയർന്ന തുകയ്ക്കു വില്പന നടത്തുന്നതിനും കാരണമായി. എങ്കിലും മുതലാളിമാർ നേരിട്ടുതന്നെയാണ് ഈ വിപണനത്തിൽ ഏർപ്പെട്ടത്. ആയതിനാൽ തന്നെ തൊഴിലാളികൾക്ക് ഇതിന്റെ മെച്ചം ലഭിച്ചില്ല. ഈ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനും കൂലി കൃത്യമായി ലഭിക്കുന്നതിനും വേണ്ടി തൊഴിലാളികൾ നടത്തിയ ഇടപെടലുകൾ യൂണിയനുകൾ രൂപീകരിക്കുന്നതിലേക്ക് എത്തി. 'കാർത്തികപ്പള്ളി താലൂക്ക് മത്സ്യത്തൊഴിലാളി യൂണിയൻ' ആയിരുന്നു ആദ്യത്തെ സംഘടന (ആവേ: ധർമ്മജൻ, ലക്ഷ്മണൻ). മറ്റു പാർട്ടികളോടോ യൂണിയനുകളോടോ ചേരാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതായിരുന്നു ഈ യൂണിയൻ. യൂണിയൻ രൂപീകരിച്ചതോടെ മത്സ്യലേലം യൂണിയന്റെ നേതൃത്വത്തിൽ ആകുകയും ലഭിക്കുന്ന മീൻ, തൊഴിലാളികൾ തന്നെ ലേലസ്ഥലത്ത് എത്തിക്കുകയും വിറ്റുകിട്ടുന്നതിൽ തൊഴിലാളിയുടെ നാലിൽ മൂന്നുഭാഗം എടുത്തശേഷം ഉടമയുടെ വിഹിതം നൽകുന്ന തരത്തിലേക്ക് സമ്പ്രദായം മാറുകയും ചെയ്തു. സ്വതന്ത്രയൂണിയനിലെ നേതാക്കളും തൊഴിലാളികളും തമ്മിൽ കമ്മീഷനെ ചൊല്ലി തർക്കം ഉണ്ടാകുകയും പിന്നീട് രാഷ്ട്രീയ പാർട്ടികളുടെ യൂണിയനുമായി അഫിലിയേറ്റ് ചെയ്ത യൂണിയനുകൾ രൂപീകരിക്കുകയും ചെയ്യുന്ന അവസ്ഥ വന്നു. 1970കളുടെ പകുതിയോടെ INTUCയും CITUയും യൂണിയനുകൾ രൂപീകരിച്ചു. 1976ൽ INTUC നേതൃത്വത്തിൽ രൂപീകരിച്ച 'സെൻട്രൽ ട്രാവൻകൂർ പാച്ചിൽ ചങ്ങാടം യൂണിയൻ' ആയിരുന്നു ആദ്യത്തേത് (ആവേ: ധർമ്മജൻ). യൂണിയനുകൾ പാച്ചിൽ ചങ്ങാടം നിർമിക്കുന്നതിനും വാങ്ങുന്നതിനും തൊഴിലാളികൾക്കു ലോൺ സംഘടിപ്പിച്ചു കൊടുക്കുകയും കൂടുതൽ തൊഴിലാളികൾ പാച്ചിൽ ചങ്ങാടത്തിന്റെ ഉടമകളായി മാറുകയും ചെയ്തു.

ഭൂപരിഷ്കരണവും യൂണിയനുകളുടെ രൂപീകരണവും കടവുകൾ കേന്ദ്രീകരിച്ച് മത്സ്യത്തിന്റെ ലേലവും വിപണനവും ആരംഭിച്ചതും ഈ രംഗത്തെ പ്രമാണികളായ ഉടമകളുടെ അപ്രമാദിത്വം അവസാനിപ്പിക്കുന്നതിനും തൊഴിലാളികൾ ഉടമകളായി മാറുന്നതിനും കാരണമായിട്ടുണ്ട്. ഇതിനെ തുടർന്ന് മുതലാളിമാർ കൂടുതൽ പേരും ഇതിൽ നിന്നു പിന്മാറുകയും ചങ്ങാടങ്ങൾ തൊ

ഴിലാളികൾക്കു വിൽക്കുന്ന സ്ഥിതി ഉണ്ടാകുകയും ചെയ്തു.

**പുതിയ സാങ്കേതികവിദ്യയും പാച്ചിൽ ചങ്ങാടത്തിന്റെ പിൽക്കാലവും**

1980ന്റെ അവസാന വർഷങ്ങളിലും 1990ന്റെ തുടക്കത്തിലുമായി കായംകുളംകായലിൽ നീട്ടുവലകൾ വ്യാപകമാകുന്നുണ്ട്. ഈ പുതിയ വിദ്യയ്ക്ക് പാച്ചിൽ ചങ്ങാടത്തെ അപേക്ഷിച്ചു ചില മെച്ചങ്ങൾ ഉണ്ടായിരുന്നു. അറ്റകുറ്റപ്പണികൾ പാച്ചിൽ ചങ്ങാടത്തേക്കാൾ കൂടുതലായിരുന്നെങ്കിലും ആദ്യ മുതൽമുടക്ക് പാച്ചിൽ ചങ്ങാടത്തെ അപേക്ഷിച്ചു കുറവായിരുന്നു. ഒരു തവണ നീട്ടിയിട്ടശേഷം പിന്നീടു വല പൊക്കുമ്പോൾ എത്തി മീൻ ശേഖരിക്കുക എന്നതായിരുന്നു ഇതിന്റെ പ്രവർത്തനരീതി. പാച്ചിൽ ചങ്ങാടത്തെ അപേക്ഷിച്ചു സമയലാഭമുള്ള, കൂടുതൽ വിശ്രമസമയം ലഭിക്കുന്ന ഒന്നായിരുന്നു നീട്ടുവലകൾ കൊണ്ടുള്ള മത്സ്യബന്ധനം. പാച്ചിൽ ചങ്ങാടത്തെ പോലെ ഊന്നിക്കൊണ്ടു നടക്കേണ്ട എന്നത് അധ്വാനഭാരവും ലഘൂകരിച്ചു. ഇതുകൊണ്ടുതന്നെ കൂടുതൽ ആളുകൾ നീട്ടുവലകളിലേക്ക് ആകർഷിക്കപ്പെട്ടു. നീട്ടുവലകളുടെ പ്രചാരം പാച്ചിൽ ചങ്ങാടങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചു. കായലുകളിൽ നീട്ടിയിട്ടിരിക്കുന്ന വലകൾമൂലം പാച്ചിൽ ചങ്ങാടങ്ങൾ തുഴയാൻ കഴിയാതെ വരുകയും പലപ്പോഴും വള്ളവും ചങ്ങലയും വലകളിൽ കുരുങ്ങുന്ന സ്ഥിതി ഉണ്ടാവുകയും ചെയ്തു. കൂടാതെ മീൻപിടിക്കുന്ന സ്ഥലത്തെച്ചൊല്ലിയുള്ള തർക്കങ്ങൾ പാച്ചിൽ ചങ്ങാടത്തൊഴിലാളികളും നീട്ടുവലത്തൊഴിലാളികളും തമ്മിലുള്ള നിരന്തരമായ സംഘർഷത്തിനു കാരണമാകുന്നുണ്ട് (ആവേ: ദയാനിധി, സുനിൽദത്ത്, ശ്രീകൃഷ്ണൻ, ധർമ്മജൻ). ഇതേ കാലയളവിൽ തന്നെയാണ് ചീനവലകൾ കായംകുളംകായലിൽ വ്യാപകമാകുന്നത്. നീട്ടുവല - ചീനവല മുതലായ രീതികൾ പാച്ചിൽ ചങ്ങാടം ഉപയോഗിച്ചിരുന്ന സ്ഥലത്ത് കടന്നുവരികയും ക്രമേണ പാച്ചിൽ ചങ്ങാടം അവിടങ്ങളിൽനിന്നും അപ്രത്യക്ഷമാകുകയും ചെയ്തു. കൂടാതെ, കായംകുളം ഹാർബർ നിർമാണത്തിനായി കായംകുളം പൊഴി ആഴം കൂട്ടി അഴിയാക്കിയതുകൊണ്ട് കായംകുളംകായലിന് കടലുമായി നിരന്തരബന്ധം കൈവന്നു. തന്മൂലം വേലിയേറ്റത്തിന്റേയും വേലിയിറക്കത്തിന്റേയും പ്രഭാവം വർദ്ധിക്കുകയുണ്ടായി. തത്ഫലമായി

കായലിന്റെ അടിത്തട്ടിൽ ഒഴുക്ക കുട്ടുകയും ചെമ്മീൻ ലഭ്യതയെ ബാധിക്കുകയും ചെയ്തു (ആവേ: സുനിൽദത്ത്). ഉപയോഗശൂന്യമായതിനെ തുടർന്ന് ഉപേക്ഷിച്ച വലകളും കായലിന്റെ അടിത്തട്ടിൽ അടിഞ്ഞു കൂടിയ മറ്റു മാലിന്യങ്ങളും 2000ത്തിന്റെ ആദ്യവർഷങ്ങളിൽ തന്നെ പാച്ചിൽ ചങ്ങാടം എന്ന മീൻപിടുത്തരീതിയെ അപ്രത്യക്ഷമാക്കുകയായിരുന്നു.

**ഉപസംഹാരം**

കായംകുളംകായലിൽ വ്യാപകമായിരുന്ന പാച്ചിൽ ചങ്ങാടം എന്ന മീൻപിടുത്തരീതിയെയും അതിനെ പിന്താങ്ങുന്ന പ്രാദേശിക ഘടകങ്ങളേയും കണ്ടെടുക്കുവാനാണ് പ്രബന്ധം ശ്രമിച്ചത്. കായംകുളംകായലിന്റെ ഭൂമിശാസ്ത്ര-പാരിസ്ഥിതിക സവിശേഷിതകൾ പാച്ചിൽ ചങ്ങാടം എന്ന മീൻപിടുത്തരീതിക്കും അതിന്റെ വ്യാപനത്തിനും കാരണമായിട്ടുണ്ട്. അതിനൊപ്പം കയർ, കൊപ്ര മുതലായവയുടെ ഉത്പാദനത്തിലും വ്യപാരത്തിലും ഏർപ്പെട്ട സാമ്പത്തികമായി ഉന്നതവർഗം പാച്ചിൽ ചങ്ങാടത്തിൽ മുതൽ മുടക്കുകയും വിഭവാധികാരികളായിത്തീരുകയും ചെയ്തു. കേരള രൂപീകരണത്തിനുശേഷമുണ്ടാകുന്ന സാമ്പത്തിക-സാമൂഹികമാറ്റങ്ങൾ തൊഴിലാളികളെക്കൂടി പാച്ചിൽ ചങ്ങാടത്തിന്റെ ഉടമസ്ഥതയിലേക്കെത്തിക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യം മുതൽ അവസാനം വരെയുള്ള കാലയളവിൽ പാച്ചിൽ ചങ്ങാടവുമായി ബന്ധപ്പെട്ട് ഉപയോഗക്രമം, ഉടമസ്ഥാവകാശം, തൊഴിൽ ബന്ധങ്ങൾ, നിയമങ്ങൾ എന്നിവയിൽ മാറ്റങ്ങൾ വന്നതായി കാണാം. അതിന് കാരണമാകുന്നത് പൊതുവിലും പ്രാദേശികവുമായ സാമൂഹിക- സാമ്പത്തിക- പാരിസ്ഥിതിക ഘടകങ്ങളും അവയ്ക്കുണ്ടാകുന്ന മാറ്റങ്ങളും ആണ്. എന്നാൽ, പുതിയ മീൻപിടുത്തരീതികളുടെ ഉപയോഗവും പാരിസ്ഥിതിക മാറ്റങ്ങളും പാച്ചിൽ ചങ്ങാടത്തിന്റെ ഉപയോഗത്തെ നിയന്ത്രിക്കുകയും ഏറെക്കുറെ ഉപയോഗം ഇല്ലാതാക്കുകയും ചെയ്തതായി കാണാം.

**കുറിപ്പുകൾ**

1. പ്രൗൺ ഇൻഡസ്ട്രി ഇൻ മലബാർ കോസ്റ്റ് എന്ന ലേഖനത്തിൽ

ചങ്ങലക്കു പകരം വല ഉപയോഗിക്കുന്നതായിട്ടാണ് പറയുന്നത്. അത് ലേഖകന് തെറ്റുപറ്റിയതായിരിക്കാം, ഗോപിനാഥ് തന്റെ ലേഖനത്തിൽ ഇത് ചൂണ്ടിക്കാണിക്കുന്നുണ്ട്.

2. തെങ്ങിൽ തേങ്ങയുണ്ടാകുന്ന ഭാഗം, തേങ്ങ മൂപ്പെത്തി അടർന്ന് വീഴുന്നതോടെ ബാക്കിയാകുന്നു. കൊഴിഞ്ഞിൽ, ലാഞ്ഞിൽ, ഗ്രാലി, കൊലഞ്ഞിൽ എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നു.
3. ചെമ്മീൻ പുഴുങ്ങി ഉണക്കിയശേഷം തോട് കളഞ്ഞ് എടുക്കുന്ന ഭക്ഷ്യയോഗ്യമായ ഭാഗം.
4. ഏരാവ് - വള്ളത്തിന്റെ ഏറ്റവും അടിയിലെ പലക.
5. ഗതാഗതത്തിന് ഉപയോഗിക്കാത്ത ആഴം കുറഞ്ഞ ഭാഗങ്ങൾ.
6. വലിപ്പം കുറഞ്ഞ ഒരു ചെമ്മീൻ ഇനം.

**ആവേദകർ**

1. ദയാനിധി, 75 വലിയഴീക്കൽ. 29 -12 -2023
2. സുനിൽദത്ത്, 61, വലിയഴീക്കൽ. 6-2-2024
3. ശ്രീകൃഷ്ണൻ, 65, പെരുമ്പള്ളി. 29 -12 -2023
4. ധർമ്മജൻ, 81, കണ്ടല്ലൂർ. 6-2-2024
5. ലക്ഷ്മണൻ, 84, കണ്ടല്ലൂർ. 30-12-2023 & 6-2-2024
6. നോബി, 50, വലിയഴീക്കൽ. 29-12-2023

**ഗ്രന്ഥസൂചി**

Gopinath, K., 1953 'Some interesting methods of fishing in the backwaters of Travancore', *Journal of Bombay Natural History Society 57*, pp. 466-471.

Panikkar, N. K., 1937 'The prawn industry of the Malabar Coast', *Journal of Bombay Natural History Society 39*, pp.343-353.

Velupillai, T.K., 1996 *Travancore State Manual Volume 3*, Kerala Gazetteers Department. Thiruvananthapuram.

Development Department. File No-1551/31. 1931. Bundle No-91. Fishing License Fees for Chain Driving- Reduction from Rs (15) to Rs (7 ½), Archives Directorate, Kerala State Archives, Thiruvananthapuram.

The Travancore Government Gazette, 27-August-1929, Tuesday, Vol.LXVII. Trivandrum P.4. pdf.p.36. https://statelibrary.kerala.gov.in 16-01-2024.

8592981753
abhijithbaby887@gmail.com